Government of India

# ഭാരത സർക്കാർ
## കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം

# ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള എം.സി.എം. സ്കോളർഷിപ്പ് (2020-2021) അറിയിപ്പ്

ഭാരത സർക്കാരിന്റെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള ആറു ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്ന, പ്രൊഫഷണൽ, സാങ്കേതിക കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2020-21 അധ്യായനവർഷത്തേക്ക് മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് നൽകുന്നു. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം നൽകുന്ന പ്രസ്തുത സ്കോളർഷിപ്പിനു ഭാരത സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈൻ ആയി 2020 ഓഗസ്റ്റ് 16 മുതൽ സമർപ്പിക്കാവുന്നതാണ്.

| സമയപരിധി | |
|---|---|
| പുതുതായി സ്കോളർഷിപ്പിന് (ഫ്രഷ്) ഓൺലൈനായി അപേക്ഷിക്കുന്നതിനും കഴിഞ്ഞ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവർക്ക് പുതുക്കി (റിന്യൂവൽ) അപേക്ഷിക്കുന്നതിനുമുള്ള അവസാന തീയതി | 2020 ഒക്ടോബർ 31 |

### യോഗ്യതകൾ

- അപേക്ഷകർ വിജ്ഞാപന പ്രകാരമുള്ള മുസ്ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി, ജൈന എന്നീ ഏതെങ്കിലും മത വിഭാഗത്തിൽ പെട്ടവരായിരിക്കണം.
- അപേക്ഷകർ ഇന്ത്യയിൽതന്നെയുള്ള സ്വകാര്യ/ സർക്കാർ/ കേന്ദ്ര സർക്കാർ യൂണിവേഴ്സിറ്റികളിലോ/ സ്ഥാപനങ്ങളിലോ/ കോളജുകളിലോ പഠിക്കുന്നവർ ആയിരിക്കണം.
- അപേക്ഷകർ പഠിക്കുന്ന കോഴ്സിന് ചുരുങ്ങിയത് ഒരു വർഷം അധ്യയന കാലയളവ് ഉണ്ടായിരിക്കണം.
- അപേക്ഷകർക്ക് മുൻ വാർഷിക ബോർഡ്/ ക്ലാസ് പരീക്ഷയിൽ 50% മാർക്ക് ഉണ്ടായിരിക്കണം.

### നിർദ്ദേശങ്ങൾ

#### അപേക്ഷകർക്ക്

- അപേക്ഷകർ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.scholarships.gov.in) വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. www.minorityaffairs.gov.in എന്ന വെബ്സൈറ്റിലും ഈ ലിങ്ക് ലഭ്യമാണ്.
- അപേക്ഷിക്കുന്നതിനായുള്ള വിശദമായ നിർദ്ദേശങ്ങളും Frequently Asked Questions (FAQs) ഉം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ ഹോം പേജിൽ ലഭ്യമാണ്.
- സ്കോളർഷിപ്പ് തുക തടസ്സമില്ലാതെ ലഭിക്കുന്നതിനായി അപേക്ഷകർ സ്വന്തം പേരിലുള്ള സജീവമായ ബാങ്ക് അക്കൗണ്ട് തന്നെ അപേക്ഷ സമയത്ത് നൽകേണ്ടതാണ്.

#### യൂണിവേഴ്സിറ്റി/സ്ഥാപനങ്ങൾ/കോളജുകൾ

- ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ പഠിക്കുന്നതും മുമ്പ് റജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ എല്ലാ യൂണിവേഴ്സിറ്റികളും/സ്ഥാപനങ്ങളും/ കോളജുകളും 2020 ഓഗസ്റ്റ് 31നും മുമ്പായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ റജിസ്റ്റർ ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ വെബ്സൈറ്റായ www.minorityaffairs.gov.in സന്ദർശിക്കാവുന്നതാണ്. (ഹെൽപ്പ് ലൈൻ നമ്പർ (ടോൾഫ്രീ 1800-11-2001). 9AM to 5 PM തിങ്കൾ മുതൽ വെള്ളി വരെ അവധി ദിനങ്ങൾ ഒഴിച്ച്.

(ഒപ്പ്) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
സ്റ്റേറ്റ് നോഡൽ ഓഫീസർ, എംസിഎം, കേരളം

Scanned with CamScanner